# അറിവിന്റെ വാതിൽ തുറന്ന് വിജ്ഞാനവസന്തം



കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന സാഹിത്യ സാംസ്കാരിക പുസ്തകോത്സവം പ്രൊഫ. വി മധുസൂധനൻനായർ ഉദ്ഘാടനം ചെയ്യുന്നു

**നെടുമങ്ങാട്**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നെടുമങ്ങാട് നഗരസഭയുമായി സഹകരിച്ച് പന്ത്രണ്ട്വരെ സംഘടിപ്പിക്കുന്ന സാഹിത്യ സാംസ്കാരിക പുസ്തകോത്സവം 'വിജ്ഞാനവസന്തം 2018' നെടുമങ്ങാട് മുനിസിപ്പൽ ടൗൺഹാളിൽ ആരംഭിച്ചു. പ്രൊഫ. വി മധുസൂധനൻനായർ ഉദ്ഘാടനം ചെയ്തു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി കാർത്തികേയൻനായർ അധ്യക്ഷനായി. അസിസ്റ്റന്റ്ഡയറക്ടർ ഡോ. ഷിബുശ്രീധർ സ്വാഗതവും സബ് എഡിറ്റർ സി എസ് നിതിൻചന്ദ്രൻ നന്ദിയും പറഞ്ഞു.

വിജ്ഞാനവസന്തത്തിൽ പുസ്തകങ്ങൾ 20 മുതൽ 60 ശതമാനംവരെ വിലക്കിഴിവിൽ ലഭ്യമാണ്. നാലായിരത്തിമുന്നൂറിൽപ്പരം മികച്ച ഗ്രന്ഥങ്ങളാണ് വിവിധ വൈജ്ഞാനിക ശാഖകളിലായി ഒരുക്കിയിട്ടുള്ളത്.

വൈജ്ഞാനിക ഗ്രന്ഥങ്ങളെ അടുത്തറിയാനുള്ള വായനക്കാരുടെ അഭിരുചിക്കനുസൃതമായുള്ള ആധികാരിക ഗ്രന്ഥങ്ങളാൽ സമ്പന്നമായ പുസ്തകമേളയിൽ ശബ്ദാവലികൾ, പദകോശം, നിഘണ്ടുക്കൾ,ശാസ്ത്രഗ്രന്ഥങ്ങൾ, പാഠപുസ്തകങ്ങൾ, ഉപനിഷത്തുകൾ തുടങ്ങിയവയുണ്ട്.

വിദ്യാഭ്യാസം, മനശാസ്ത്രം, തത്വശാസ്ത്രം, ജീവചരിത്രങ്ങൾ, സാമ്പത്തികശാസ്ത്രം, ചരിത്രം, രാഷ്ട്രമീമാംസ, എൻജിനീയറിങ്, ഗണിതം, കൃഷി, ആരോഗ്യം സംഗീതം, ആധ്യാത്മികം, പ്രകൃതിശാസ്ത്രം, ഭൗതികശാസ്ത്രം, ഭാഷാ, സാഹിത്യം, കലകൾ, ഫോക്ലോർ, നാടകം, സംഗീതം, സിനിമ തുടങ്ങിയ വിവിധ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ ലഭ്യമാണ്. ദിവസവും രാവിലെ 10 മുതൽ രാത്രി 8.30വരെയാണ് പുസ്തകമേള. ഫോൺ: 9746980872.